# നോമ്പുക്കാലം

## 5-ാം ഞായർ
## മാർച്ച് 18, 2012

യോഹ 7: 37-39, 8:12-20

1. ജീവജലത്തിന്റെ അരുവികൾ: അടുത്ത നൂറ്റാണ്ടിലെ ഏറ്റവും വലിയ യുദ്ധം നടക്കുവാൻ പോകുന്നത് ജലത്തിനുവേണ്ടിയാണെന്ന് ശാസത്രജ്ഞർ നിരീക്ഷിക്കുന്നു. അത്രമേൽ അത്യന്താപേക്ഷിതമായ ഒന്നാണ് ജലം. മനുഷ്യന്റെ ജീവൻ സംരക്ഷിക്കുന്നതിന് ജലം ആവശ്യമാണ്.

ഒരു ക്രൈസ്തവന്റെ ആത്മീയജീവിതത്തിന്റെ വളർച്ചയായി നിത്യജീവന്റെ ജലം ആവശ്യമാണ്. അതും ലഭിക്കുന്നത് ദൈവത്തിൽ നിന്നാണ്. അത് സമൃദ്ധമായി ലഭിക്കുന്നതിന് വേണ്ടതു ആത്മീയമായ ദാഹമാണ്

നശ്വരതയുടെ, മായികമായ മരീചികളിൽ ചുരുങ്ങിക്കഴിയുന്ന മനുഷ്യന്, ഒന്നും സംതൃപ്തി നൽകില്ല; കാരണം, അന്ധിക്കംതോറും ആർത്തി വർദ്ധിക്കുമ്പോൾ അസ്വസ്ഥത പടർന്ന് നിരാശയിലേക്ക് മനുഷ്യൻ കൂപ്പ് കുത്തുകയും ചെയ്യുന്നു.

ഇവിടെ മനുഷ്യൻ തന്റെ, അസ്ഥിത്വത്തെ ഫലദായകമാക്കാൻ നിത്യജീവന്റെ ജലം പാനീയമാക്കണം. അത് കൂദാശകളാണ്.

2. ആത്മാവിന്റെ സമൃദ്ധി: പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളാണ് മനുഷ്യനിലേക്ക് ജീവജലമായി ഒഴുകുന്നത്. ആത്മാവിന്റെ നിറവ് മനുഷ്യനെ സംതൃപ്തനാക്കുന്നു. ആത്മാവിന്റെ ദാനങ്ങളും, ഫലങ്ങളും മനുഷ്യനെ പരിപൂർണ്ണനാക്കുന്നു. എല്ലാം നേടിയിട്ടും മനുഷ്യന്റെ ഹൃദയം അസ്വസ്ഥമാകുന്നതും, പരിപൂർണ്ണതയ്ക്കായി ദാഹിക്കുന്നതും വിവേചിച്ചറിയാൻ ഒരുവന് കഴിവുണ്ടാകേണ്ടിയിരിക്കുന്നു.

3. ലോകത്തിന്റെ പ്രകാശം: തികച്ചും ലളിതവും, എന്നാൽ അർത്ഥസമ്പൂർണ്ണത നിറഞ്ഞതുമായ ഒരു പ്രതീകമാണ് പ്രകാശം. പ്രകാശം ഊർജ്ജം പ്രദാനം ചെയ്യുന്നു. പ്രകാശം സന്തോഷവും, ജീവനും തുടിച്ചു നിൽക്കുന്ന ഒന്നാണ്. അത് പ്രത്യാശയുടെ പ്രതീകമാണ്. അത് ഒരു വഴികാട്ടിയാണ്. അത് നന്മയുടെ അലങ്കാരമാണ്; വിശ്വാസത്തിന്റെ ആഘോഷവും.

യേശു ലോകത്തിന് എന്തെല്ലാമായിരിക്കുന്നുവെന്ന് ഈ വചനങ്ങൾ ഓർമ്മിപ്പിക്കുന്നു.

- നിറം കെട്ടുപോയ മനുഷ്യജീവിത്തെ, സന്തോഷത്തിന്റെ പ്രകാശത്താലും, പ്രത്യാശയുടെ വെളിച്ചത്താലും ക്രിസ്തുവർണ്ണാഭമാക്കുന്നു.
- ജീവനില്ലാതെ, ഉണർവ്വില്ലാതെ നിരാശയുടെ പാതയിലേക്ക് പിന്തിരിഞ്ഞുപോകുന്ന മനുഷ്യന് മുന്നോട്ട് നീങ്ങുവാനുള്ള ഉണർവ്വിന്റെ പ്രകാശവും, ഉണ്മയുടെ ഊർജ്ജവും ക്രിസ്തുവല്ലേ?
- വെളിച്ചത്തിന്റെ ഒരുനാളം നിന്റെ ഹൃദയത്തിൽ, സന്തോഷത്തിന്റെ ഒരു ഉത്സവം തീർക്കുന്നില്ലേ?

ഒപ്പം വെളിച്ചം വരുന്നത് നിന്നെ ഭയപ്പെടുത്തുന്നുണ്ടോ? നീ രഹസ്യമായി മൂടിവച്ചത്, നിന്റെ ഹൃദയത്തിന്റെ ആഴങ്ങളിലെ തിന്മയുടെ ഇരുട്ട്, എല്ലാം ക്രിസ്തുവാകുന്ന പ്രകാശത്തിൽ വെളിപ്പെടുമ്പോൾ നീ ലജ്ജിതനാകുമോ? 'നീ നഗ്നനാണെന്ന് തിരിച്ചറിഞ്ഞ്, നിന്റെ നഗ്നത മറക്കുവാൻ ശുഭ്രവസ്ത്രങ്ങൾ എന്നോട് വാങ്ങുക' എന്ന വെളിപാട് വചനം (വെളി. 3:18) ഈ അവസരത്തിൽ നമുക്ക് ഓർക്കാം. "നാം പകലിന്റെ മക്കളല്ലേ?"(1 തെസ 5:8) എന്നെ അറിയുന്നവൻ പിതാവിനെ അറിയുന്നു: അറിവ് സ്ഫോടനാത്മകമാകുന്ന ഈ കാലഘട്ടത്തിൽ, അറിവിനെ നിഷേധിക്കുന്നതും, അറിവിനെ നവീകരിക്കാതിരിക്കുന്നതും മാരകപാപമാണ്. ഒരു അറിവും അതിൽ തന്നെ പൂർണ്ണമല്ലെന്നും, മറിച്ച് ലഭിച്ച അറിവ് മറ്റൊന്നിനെ തിരിച്ചറിയാനുള്ള സൂചകം മാത്രമാണെന്നുള്ള തിരിച്ചറിവ് വിജ്ഞാനസമ്പാദനത്തിന്റെ ആദ്യപടിയാണ്.

ക്രിസ്തുവിനെ അറിയുന്നവൻ പിതാവിനെ അറിയുന്നു. എളുപ്പമല്ല അത്: കാരണം അവന്റെ മൊഴികൾ കഠിനമാണെന്ന് ശിഷ്യഗണം സാക്ഷ്യപ്പെടുത്തുന്നു. (യോഹ 6:60). അവന്റെ വഴികൾ കുരിശിന്റേതാണ് (ലൂക്ക 9:23). പക്ഷെ ഈ കഠിനമായമൊഴികൾ ധ്യാനിച്ച്, കുരിശിന്റെ വഴികളിലൂടെ സഞ്ചരിക്കുന്നവൻ അവനെ അറിയുന്നു.

ജീവിതത്തിലെ കഷ്ടതകൾ, സഹനങ്ങൾ നിനക്ക് ക്രിസ്തുവിനെ അറിയുവാനുള്ള പാഠപുസ്തകമാണ്. ക്രിസ്തുവാകുന്ന പുസ്തകത്തിലൂടെ നീ യാത്ര ചെയ്യുക, നീ എത്തിച്ചേരുന്ന ലക്ഷ്യത്തിൽ നിന്നെ സ്വീകരിച്ചാനയിക്കുവാൻ പിതാവായ ദൈവം കാത്തുനിൽക്കുന്നു. കാരണം 'എന്നെ ബഹുമാനിക്കുന്നവനെ എന്റെ പിതാവും ബഹുമാനിക്കും' (യോഹ 12:26).

ഫാ. സെബി കാഞ്ഞിലശ്ശേരി